പ്രകാശവചനം ● ടി.കെ യൂസുഫ്

# സൽസ്വഭാവം വിശ്വാസിയുടെ മുഖമുദ്ര

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا قَالَتْ: سَمِعْتُ رَسُولَ اللَّهِ ﷺ يَقُولُ: إِنَّ الْمُؤمِنَ لَيُدْرِكُ بِحُسْنِ خُلُقِهِ دَرَجَةَ الصَّائِمِ الْقَائِمِ

ആഇശ(റ)യിൽനിന്ന് നിവേദനം: "അവർ പറഞ്ഞു: നബി(സ) അരുളിയതായി ഞാൻ കേട്ടു: ഒരു വിശ്വാസി തന്റെ നല്ല സ്വഭാവം കൊ് രാത്രി നമസ്കരിക്കുകയും പകൽ നോമ്പെടുക്കുകയും ചെയ്യുന്നവന്റെ പദവി കൈവരിക്കും" (അബൂദാവൂദ്).

നല്ല സ്വഭാവത്തിനും പെരുമാറ്റത്തിനും ഇസ്‌ലാം വളരെ കൂടുതൽ പ്രോത്സാഹനം നൽകുന്നുണ്ട്. ഉത്തമ സ്വഭാവ ഗുണങ്ങളുടെ പൂർത്തീകരണത്തിന് വേണ്ടി നിയോഗിതനായ മുഹമ്മദ് നബി(സ) മഹത്തായ സ്വഭാവഗുണത്തിനുടമയായിരുന്നുവെന്ന് ഖുർആൻ (68:4) വ്യക്തമാക്കുന്നുണ്ട്.

നമസ്കാരം, നോമ്പ് എന്നിവ ഇസ്‌ലാമിലെ ആരാധനാകർമങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായവയാണ്. ഇവ അനുഷ്ഠിക്കുന്നത് കൊണ്ട് ലഭ്യമാകുന്ന പുണ്യം ഒരു വിശ്വാസിക്ക് വേണമെങ്കിൽ തന്റെ സ്വഭാവ ശുദ്ധിയിലൂടെ നേടാനാകും. ഇസ്‌ലാമിലെ ഇബാദത്തുകളുടെ മുഖ്യ ലക്ഷ്യങ്ങളിലൊന്ന് തന്നെ ജീവിതത്തിലുടനീളമുള്ള സ്വഭാവ വിശുദ്ധി കൈവരിക്കലാണ്. എന്നാൽ, ആരാധനാ കർമങ്ങളിൽ കണിശതയും കൃത്യതയും പാലിക്കുന്ന ചില വിശ്വാസികൾ സ്വഭാവരംഗത്ത് സൂക്ഷ്മത പുലർത്താറില്ല എന്നത് വിരോധാഭാസമാണ്. 'നിങ്ങളിൽ വിശ്വാസം പൂർത്തിയായവനാരോ, അവനാണ് നിങ്ങളിലേറ്റവും നല്ല സ്വഭാവത്തിനുടമ' എന്നാണ് നബി(സ) പഠിപ്പിച്ചിട്ടുള്ളത്.

ഒരു വ്യക്തിക്ക് സ്വർഗം നേടാൻ ഏറ്റവും അനിവാര്യമായി വേണ്ട സ്വഭാവ ഗുണം ദൈവഭക്തിയാണ്. തഖ്‌വ കഴിഞ്ഞാൽ ഒരാളെ സ്വർഗപ്രവേശനത്തിന് പ്രാപ്തനാക്കുന്ന ഘടകങ്ങളിൽ ഏറ്റവും പ്രധാനം അവന്റെ സ്വഭാവ ഗുണങ്ങളാണെന്നും പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്. അന്ത്യദിനത്തിൽ പ്രവാചകനോട് അടുത്തിരിക്കുന്നവരും സൽസ്വഭാവമുള്ളവരായിരിക്കും.

സൽസ്വഭാവം എന്നത് ഒരു നിർവചനം ആവശ്യമില്ലാത്തവിധം സുവിദിതമാണെങ്കിലും അതിന് അനുബന്ധമായി ഉണ്ടായിരിക്കേണ്ട ചില കാര്യങ്ങൾ പണ്ഡിതർ വ്യാഖ്യാനിച്ചിട്ടുണ്ട്. അവയിൽ പരമപ്രധാനമായത് പരോപകാരമാണ്. ഒരു സൽസ്വഭാവി സദാ സേവന തൽപരനായിരിക്കും. ഞാൻ താങ്കൾക്ക് എന്താണ് ചെയ്യേണ്ടത് എന്ന മനോഭാവമാണ് അവനുണ്ടാകുക. ജനങ്ങളിൽ നിന്ന് സേവനം സ്വീകരിക്കുകയല്ല, പകരം അവർക്ക് സേവനം ചെയ്യുകയെന്നതായിരിക്കും അവരുടെ ജീവിത ലക്ഷ്യം. ഇങ്ങനെ പ്രത്യുപകാരം പ്രതീക്ഷിക്കാതെ പുണ്യം ചെയ്യുന്നവരാണ് സൽസ്വഭാവികൾ.

നമ്മുടെ ആശ്രിതരും അയൽക്കാരുമായ അനവധി ആളുകൾക്ക് നമ്മുടെ സഹായം ആവശ്യമായി വരാറുണ്ട്. ആവശ്യക്കാരിൽ നിന്ന് പുറംതിരിയുന്നതും അവരെ കണ്ടില്ലെന്ന് നടിക്കുന്നതും ഒരിക്കലും സൽസ്വഭാവമല്ല. സാമ്പത്തികമായി സഹായിക്കാൻ എല്ലാവർക്കും കഴിയണമെന്നില്ല. ആധുനിക സമൂഹത്തിൽ പലർക്കും അത് ആവശ്യവുമില്ല. എന്നാൽ, ആശ്വാസ വചനങ്ങളുടെ കുളിർമഴ ആഗ്രഹിക്കുന്ന അനേകർ നമുക്കു ചുറ്റുമുണ്ട്. മുഖപ്രസന്നതയോടെ മറ്റുള്ളവരെ കണ്ടുമുട്ടുന്ന ഒരു വ്യക്തി തന്റെ സന്തോഷത്തിന്റെ ഒരു പങ്ക് മറ്റുള്ളവർക്ക് നൽകുകയാണ് ചെയ്യുന്നത്. അത് അവരുടെ ദുഃഖങ്ങൾ ദൂരീകരിക്കാൻ ഒരളവോളം സഹായകമാവുകയും ചെയ്യും. എന്നാൽ, ഗൗരവ, വിഷാദ ഭാവങ്ങളോടെ ജനങ്ങളെ അഭിമുഖീകരിക്കുന്നവർ മറ്റുള്ളവരുടെ പ്രസന്നത കൂടി നാശമാക്കുകയാണ് ചെയ്യുന്നത്.

വാഗ്-വിചാര-കർമരംഗങ്ങളിലെ സത്യസന്ധത, ക്ഷമ, കൃതജ്ഞത, വിനയം തുടങ്ങിയവ സൽസ്വഭാവത്തിന്റെ സഹജ ഗുണങ്ങളാണ്. അതോടൊപ്പം കളവ്, വഞ്ചന, അസൂയ, വെറുപ്പ്, പക, വിദ്വേഷം, പിശുക്ക്, അഹങ്കാരം, അലസത, ഭീരുത്വം, അത്യാഗ്രഹം എന്നീ ദുർഗുണങ്ങൾ വെടിയുകയും വേണം. എങ്കിൽ ഒരു വിശ്വാസിക്ക് സൽസ്വഭാവത്തിനുടമയായിത്തീരാനും തദ്വാര പാരത്രിക ലോകത്ത് അത്യുന്നത അനുഗ്രഹങ്ങൾ ആർജിക്കാനും കഴിയും. ■